# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ :3484/11/12/2024/**

പരാതികക്ഷി : എസ് ഗോദണ്ഡ രാജ്, ടി സി 38 /2936
ശ്രീ ഗംഗ, വിവേകാനന്ദ നഗർ, ചാല, തിരുവനന്തപുരം

എതിർകക്ഷികൾ ആർ അയ്യൻ പെരുമാൾ, ടി സി 20/ 41ഭഗവതി ഇല്ലം
ശാസ്ത്രാ നഗർ, കരമന, തിരുവനന്തപുരം

**എച്ച്.ആർ.എം.പി. നമ്പർ :6811/11/12/2024/**

പരാതികക്ഷി : ആർ അയ്യൻ പെരുമാൾ, ടി സി 20/ 41ഭഗവതി ഇല്ലം
ശാസ്ത്രാ നഗർ, കരമന, തിരുവനന്തപുരം

എതിർകക്ഷികൾ എസ് ഗോദണ്ഡ രാജ്, ടി സി 38 /2936
ശ്രീ ഗംഗ, വിവേകാനന്ദ നഗർ, ചാല, തിരുവനന്തപുരം

**ഉത്തരവ് തീയതി 07.03.2025**

മേൽ കേസുകളിലെ ഇരുകക്ഷികളും പ്രത്യേകം പരാതികൾ നൽകിയിട്ടുണ്ട്. വീടിന്റെ താഴത്തെയും മുകളിലത്തെയും നിലയിലെ താമസക്കാരാണ് കക്ഷികൾ. ഇവർ തമ്മിൽ വസ്തു സംബന്ധമായ തർക്കം നിലനിൽക്കുന്നുണ്ട്.. കേസ് നമ്പർ 3484/ 2024 നമ്പർ കേസിലെ പരാതിക്കാരൻ സമർപ്പിച്ച പരാതിയിൽ ഹർജികക്ഷി താമസിക്കുന്ന വീടിൻറെ മുകളിലെ നിലയിലെ ഉടമസ്ഥനായ ആയ അയ്യൻ പെരുമാൾ അനധികൃത നിർമ്മാണം നടത്തിയത് സംബന്ധിച്ച് ഹർജികക്ഷി ചോദ്യം ചെയ്യുകയും തുടർന്ന് ഫോർട്ട് പോലീസ് സ്റ്റേഷനിൽ എതിർകക്ഷി പരാതി നൽകിയ അടിസ്ഥാനത്തിൽ പോലീസിനെ സ്വാധീനിച്ച് ഹർജികക്ഷിയെയും ഭാര്യയെയും പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി ബുദ്ധിമുട്ടിച്ചു എന്നും മറ്റുമാണ് പരാതി.

കേസ് നമ്പർ 6811/2024 പരാതിയിൽ തിരുവനന്തപുരം സബ് കോടതി ഉത്തരവ് OS.നമ്പർ 1180/2012 തീയതി 18.12.2018 പ്രകാരം ടി കെട്ടിടത്തിന്റെ ഒന്നാം നില പരാതികക്ഷിയുടെ ഉടമസ്ഥതയിൽ ഉള്ളതാണെന്നും ആയതിൽ അറ്റകുറ്റപ്പണി നടത്തുന്നത് ശ്രീ ഗോദണ്ഡ രാജ് തടസ്സപ്പെടുത്തുന്നു എന്നും, ടിയാൻ സ്ഥാപിച്ച പൈപ്പ് കണക്ഷനും വാട്ടർ ടാങ്കും ഗോദണ്ഡ രാജ് നശിപ്പിച്ചു എന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ ശ്രീ എസ് ഗോദണ്ഡ രാജ് സമർപ്പിച്ച പരാതിയിൽ ഫോർട്ട് അസിസ്റ്റൻറ് പോലീസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയും, അയ്യൻ പെരുമാൾ സമർപ്പിച്ച പരാതിയിൽ സിറ്റി പോലീസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

ടി വീടിന്റെ ഒന്നാം നില തിരുവനന്തപുരം പ്രിൻസിപ്പൽ സബ് കോടതി ഉത്തരവ് പ്രകാരവും കോടതിയുടെ എക്സിക്യൂഷൻ പെറ്റീഷൻ ഉത്തരവ് പ്രകാരവും ശ്രീ അയ്യൻ പെരുമാളിന്റെ ഉടമസ്ഥതയിലുള്ളതാണെന്നും. ടി നിലയിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ആവശ്യമായ സംരക്ഷണം നൽകണമെന്ന് ബഹു കേരള ഹൈക്കോടതി WP©No.24770/2023 ഉത്തരവ് പ്രകാരം പോലീസ് സംരക്ഷണയിൽ വീടിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും തുടർന്ന് ശ്രീ ഗോദണ്ഡ രാജ് ടി വീടിന്റെ ഒന്നാം നിലയിൽ ടെറസിൽ സ്ഥാപിച്ച ആയിരം ലിറ്ററിന്റെ വാട്ടർടാങ്ക് നശിപ്പിക്കുകയും പൈപ്പ് കണക്ഷൻസ് അറുത്തു മാറ്റുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തതിന് ഫോർട്ട് പോലീസ് സ്റ്റേഷൻ ക്രൈം 1309/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഗോദണ്ഡ രാജിനെതിരെ അന്വേഷണം നടന്നു വരികയാണെന്നും, നിലവിൽ ടിയാൻ നശിപ്പിച്ച വാട്ടർ ടാങ്ക്, പൈപ്പ് കണക്ഷൻസ് പണികൾ പോലീസ് സംരക്ഷണത്തിൽ പൂർത്തിയാക്കിയിട്ടുണ്ടെന്നും. ടി വീട് വാടകയ്ക്കോ ഒറ്റിയ്ക്കോ നൽകുന്നതിനായി ശ്രീ അയ്യൻ പെരുമാൾ ശ്രമിക്കുമ്പോൾ ശ്രീ ഗോദണ്ഡ രാജ് ആയത് തടസ്സപ്പെടുത്തുന്നതായി പരാതിയുണ്ടെന്നും ആയതിലേക്ക് ഗോദണ്ഡ രാജിന് താക്കീത് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടുകളിൽ കാണുന്നു.

പരാതി പരിഗണനയ്ക്കെടുത്ത 07.03.2025 തീയതി ഇരുകക്ഷികളും ഹാജരായി. കോടതി ഉത്തരവുകൾ അനുസരിക്കാൻ ഇരുകക്ഷികളും ബാധ്യസ്ഥരാണ്. താൻ യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കുകയില്ല എന്ന് ശ്രീ ഗോദണ്ഡ രാജ് കമ്മീഷൻ മുമ്പാകെ ഉറപ്പു നൽകി. ക്രമസമാധാന പ്രശ്നങ്ങൾ വീണ്ടും ഉണ്ടാവുകയാണെങ്കിൽ പോലീസിൽ പരാതി നൽകാവുന്നതാണെന്ന നിർദ്ദേശത്തോട് കൂടി ഈ പരാതി തീർപ്പാക്കുന്നു.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)
രജിസ്ട്രാർ